സമുദായത്തിൻെറ ഉന്നമനത്തിന് യോജിച്ചുപോകാൻ സാധിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി. മുസ്‌ലിംകൾ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കുവേണ്ടിയും നിലകൊള്ളേണ്ട സമൂഹമാണെന്നും അദ്ദേഹം പറഞ്ഞു. ജമാഅത്തെ ഇസ്‌ലാമി കളമശേരി ഏരിയ സീപാർക്ക് ഹാളിൽ ഒരുക്കിയ സൗ

നന്മചെയ്യുകയും തിന്മ എതിർക്കുകയും ചെയ്യേണ്ടവരാണ് മുസ്‌ലിംകൾ. എന്നാൽ, സമുദായത്തിനകത്ത് പല ജീർണതകളും കടന്നുകൂടിയിട്ടുണ്ട്. മദ്യത്തിൻെറയും മയക്കുമരുന്നിൻെറയും ഉപയോഗം വർധിക്കുന്നു. പാർട്ടി പക്ഷപാതിത്വത്തിനുവേണ്ടി ഇവ ഉപയോഗപ്പെടുത്തിവരികയാണ്. പ്രത്യേകിച്ച് മലബാർ മേഖല

സമുദായം രാജ്യത്തിനുവേണ്ടി ചെയ്ത കാര്യങ്ങൾ തലയിൽ മുണ്ടിട്ട് പറയേണ്ടവയല്ല, അഭിമാനത്തോടെ പറയേണ്ടവയാണെന്നും അദ്ദേഹം പറഞ്ഞു.

ജമാഅത്തെ ഇസ്‌ലാമി ജില്ലാ പ്രസിഡൻറ് ഇബ്രാഹിംകുട്ടി അധ്യക്ഷത വഹിച്ചു. കളമശേരി ഏരിയ പ്രസിഡൻറ് ഉമർ മുഹമ്മദ് മദീനി സ്വാഗതം പറഞ്ഞു.

# കുവൈത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായധനം കൈമാറി

**പറവൂർ:** കുവൈത്തിൽ മരണപ്പെട്ട ചെറായി സ്വദേശികളുടെ ബന്ധുക്കൾക്ക് കുവൈത്തിലെ കെ.ഐ.ജിക്ക് കീഴിലെ 'ഒരുമ' പ്രവാസിക്ഷേമ പദ്ധതിയുടെ ഭാഗമായി സഹായധനം കൈമാറി.

കഴുവന്തടത്തിൽ ഉണ്ണികൃഷ്ണൻ, കതാരൻ വീട്ടിൽ ജോർജ് തോമസ് എന്നിവരുടെ ഭാര്യമാർക്കാണ് യഥാക്രമം രണ്ട് ലക്ഷം, മൂന്ന് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് കൈമാറിയത്. 'ഒരുമ' പ്രവാസി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ മരണപ്പെട്ടാൽ അവർക്ക് നൽകുന്ന സംഖ്യയാണിത്.

മുഹ്സിൻ ഖാൻ (സോളിഡാരിറ്റി), ലൈജു മങ്ങാടൻ (വെൽഫെയർ പാർട്ടി) എന്നിവർ മരണപ്പെട്ടവരുടെ ഭാര്യമാർക്ക് ഡ്രാഫ്റ്റ് കൈമാറി.

വി.എ. മുഹമ്മദ് മന്നം, ജലാൽ എടവനക്കാട് (ജമാഅത്തെ ഇസ്‌ലാമി), ഫവാസ് ചെറായി (സോളിഡാരിറ്റി), നൗഷാദ് ചെറായി (വെൽഫെയർ പാർട്ടി), എം.കെ. ഷംസുദ്ദീൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

20/1/14

...ഉണ്ട്.
...കുഴഞ്ഞുവീണപ്പെട്ട ഗ...
ഹാരാജാസ് ആശുപത്രിയിൽ ...
വനക്കാരനെ രോഗി മർദിച്ചത...
യി പരാതി. ആശുപത്രിയിലെ അ...
റ്റൻഡറായ പള്ളുരുത്തി കടേഭാ...
ഗം നാലുകെട്ടും വീട്ടിൽ കുഞ്ഞു...
മോനാണ് (49) മർദനമേറ്റത്. സം...

## ഗുണ്ടാ ആക്ട്: യ...

**ഒല്ലൂർ:** വധശ്രമക്കേസുകൾ ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയായ കുപ്രസിദ്ധ ഗുണ്ട നടത്തറ അരിമ്പൂർ മുതുക്കൻ ബിൽബിയെ (24) ഒല്ലൂർ എസ്.ഐ ആർ. സുജിത്കുമാറിൻെറ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തു. ഗുണ്ട കടവി രഞ്ജിത്തിൻെറ കൂട്ടാളിയായ ബിൽബി, കുഴൽപണം തട്ടിയെടുത്ത കേസിലും ദമ്പതികളെ ആക്രമിച്ച കേസിലും ബാർ ആക്രമിച്ച കേസിലും പ്രതിയാണ്. ഇയാളുടെ കൂട്ടുപ്രതിയായ ജിയോ , സാംസൺ, റോഷൻ എന്നിവർ ഗുണ്ടാനിയമപ്രകാരം ജയിലിലാണ്. ദമ്പതികളെ ആക്രമിച്ച ശേ...